ഉത്തരം

(എ) ഇതുസംബന്ധിച്ച് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ സാധ്യതാപഠനം നടത്തുകയും കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച കാര്യം പരിശോധിച്ചുവരികയാണ്.

(ബി) അന്തിമമായി അംഗീകരിച്ചിട്ടില്ല.

(സി) ഒട്ടേറെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ പ്രായോഗികമായി സാദ്ധ്യമാവുകയില്ല.

പട്ടാമ്പി ബൈപാസ് പണി ആരംഭിക്കുവാൻ നടപടി

39 [1449] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട പട്ടാമ്പി ബൈപ്പാസ്, വിളയൂർ-കൈപ്പുറം റോഡ്, കുരാച്ചിപ്പടി-നടുവട്ടം റോഡ്, പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് എന്നിവയുടെ പുനർനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടാമ്പി ബൈപ്പാസ് പണി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) (i) പട്ടാമ്പി ബൈപ്പാസ് റോഡിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചശേഷം ടെണ്ടർ വിളിച്ച് പണി ആരംഭിക്കുന്നതാണ്.

(ii) വിളയൂർ-കൈപ്പുറം റോഡിന്റെ പണി പുരോഗതിയിലാണ്.

(iii) കുറിച്ചിപ്പടി-നടുവട്ടം റോഡിന് ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(iv) പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. താമസിയാതെ പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ ഏതാണ്ട് ഒരു വർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്.

(ബി) സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

ആലപ്പുഴയിലെ നഗരറോഡുകളുടെ പുനരുദ്ധാരണം

40 [1450] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കല്ലൻ റോഡ്, മെഡിക്കൽ കോളേജ്-ബീച്ച് റോഡ്, നഗരറോഡുകളുടെ പുനരുദ്ധാരണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ, എങ്കിൽ എന്തുതുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly